LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ ഒഴിവുകൾ

144 [1283] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ തുടങ്ങിയവകളിലായി ഓരോ ജില്ലയിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ആർട്ടിസാൻസ് മേഖലയിലെ സഹകരണസംഘമായ "ആർട്ട്കോ"-യിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു; എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അപേക്ഷയിനത്തിൽ എന്തു തുക ലഭിച്ചുവെന്ന് വ്യക്ത മാക്കുമോ;

(ഡി) ആർട്ട്കോയിൽ നിയമനം നടത്തുന്നതിന് സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) സംസ്ഥാനത്ത് ഒഴിവുകൾ നിലവിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ തുടങ്ങിയവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സംഘങ്ങളിൽ/ബാങ്കുകളിൽ ഉടൻ നിയമനം നടത്തുവാൻ എന്തു നടപടികൾ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം

145 [1284] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് തീരുമെന്നറിയിക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?